V. ശ്രദ്ധുക്ഷണിക്കൽ

(1) കേരള കയറ്റിറക്ക് (കൂലി ക്രമപ്പെടുത്തലും നിയമവിരുദ്ധ പ്രവർത്തനങ്ങൾ നിയന്ത്രിക്കലും) നിയമം നടപ്പിലാക്കൽ

ശ്രീ. മത്തായി ചാക്കോ : 2002-ൽ നിയമസഭ പാസ്സാക്കിയ കേരള കയറ്റിറക്ക് (കൂലി ക്രമപ്പെടുത്തലും നിയമവിരുദ്ധ പ്രവർത്തനങ്ങൾ നിയന്ത്രിക്കലും) നിയമം കഴിഞ്ഞ മൂന്നു വർഷത്തിനിടയ്ക്ക് യു.ഡി.എഫ്. കൊണ്ടുവന്ന ജനവിരുദ്ധവും തൊഴിലാളിവിരുദ്ധവുമായ നിയമങ്ങളിലെ ഏറ്റവും കിരാതമായിട്ടുള്ള നിയമമായിരുന്നു. ഈ ഗവണ്മെന്റിനെ അനുകൂലിക്കുന്ന തൊഴിലാളി സംഘടനകളും ട്രേഡ് യൂണിയനുകളും ഉൾപ്പെടെ ഇത്തരം ഒരു കിരാതനിയമം ഇവിടെ നടപ്പാക്കരുതെന്ന് ആവശ്യപ്പെടുകയും വ്യത്യസ്തരൂപത്തിലുള്ള പ്രക്ഷോഭ സമരങ്ങളിൽ അവർ പങ്കാളികളാവുകയും ചെയ്തു. കയറ്റിറക്കു മേഖലയിൽ മൂന്നു ലക്ഷത്തോളം വരുന്ന തൊഴിലാളികളെ അടിമകളാക്കി മാറ്റുന്നതിനുവേണ്ടിയുള്ള രാഷ്ട്രീയ ഗൂഢാലോചനകളുടെ ഭാഗമായിട്ടാണ് ഇത്തരം ഒരു നിയമം ഇവിടെ കൊണ്ടുവന്ന് സാങ്കേതിക ഭൂരിപക്ഷം ഉപയോഗിച്ച് പാസ്സാക്കിയെടുത്തിട്ടുള്ളത്. ഈ നിയമം ഒറ്റപ്പെട്ട ഒരു നിയമമായിരുന്നില്ല. ആഗോളവൽക്കരണ സാമ്പത്തിക നയങ്ങൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി തൊഴിലാളികളെ ചങ്ങലയ്ക്കിടുന്നതിനും അവർ നേടിയെടുത്തിട്ടുള്ള അവകാശങ്ങളും നിയമ പരിരക്ഷയുമെല്ലാം തകർക്കുന്നതിനും മുതലാളിമാരേയും ഈ മേഖലയിലെ തൊഴിലുടമകളേയും അടിമകളാക്കി മാറ്റുന്നതിനും വേണ്ടിയുള്ള ഒരു സംവിധാനമെന്ന നിലയ്ക്കാണ് ഈ നിയമം ഇവിടെ പാസ്സാക്കിയത്. ഈ നിയമം യഥാർത്ഥത്തിൽ കേരളത്തിലെ കുത്തക തൊഴിലാളികൾക്കെതിരായി കൊണ്ടുവരാൻ ഉദ്ദേശിക്കുന്ന കരിനിയമങ്ങളുടെ ആദ്യത്തെ ചുവടുവയ്പായിരുന്നു. പക്ഷെ, ഈ നിയമത്തിനെതിരായിട്ടുള്ള സമരത്തിന് അഭൂതപൂർവ്വമായിട്ടുള്ള തൊഴിലാളി ഐക്യവും ബഹുജന പിൻതുണയും കേരളത്തിലുണ്ടായി. ഞാനിവിടെ സൂചിപ്പിക്കുന്നത് ഈ നിയമം നിയമസഭ പാസ്സാക്കിയതിനുശേഷം 2002-ലെ കയറ്റിറക്കുമതി നിയമം പ്രാബല്യത്തിൽ വരുത്തിക്കൊണ്ട് ഏതെല്ലാം പ്രദേശങ്ങളിലാണോ ഗവണ്മെന്റ് വിജ്ഞാപനം പുറപ്പെടുവിക്കുന്നത് ആ പ്രദേശങ്ങളിൽ മാത്രമാണ് പ്രസ്തുത നിയമം നടപ്പിൽ വരിക എന്നുള്ളതാണ്. എന്നാൽ ഈ നിയമം സംസ്ഥാനത്താകെ നടപ്പിലാക്കിക്കഴിഞ്ഞു എന്ന തെറ്റിദ്ധാരണയാണ് ഇപ്പോൾ പറഞ്ഞിരിക്കുന്നത്. അങ്ങനെ പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ ചില സ്ഥലത്ത് പോലീസ് ഉദ്യോഗസ്ഥരും ചില മേഖലകളിൽ തൊഴിലുടമകളും ചേർന്നുകൊണ്ട് സമാധാനപരമായ അന്തരീക്ഷം നിലനിന്നിരുന്ന തൊഴിൽ മേഖലകളിൽ അസ്വാസ്ഥ്യം പടർത്തിയിരിക്കുകയാണ്. 1978-ൽ നിയമസഭ പാസ്സാക്കുകയും 1980-ൽ നടപ്പിലാക്കുകയും ചെയ്ത ചുമട്ടുതൊഴിലാളി മൂലനിയമത്തിന്റെ അന്തസത്തയെ തകർക്കുന്ന രൂപത്തിലുള്ള ഒരു നിയമമായി ഈ ദേഭഗതി നിയമം മാറിയിരിക്കുകയാണ്. തൊഴിൽ വകുപ്പു മന്ത്രിയോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്, പുതിയ തെരഞ്ഞെടുപ്പ് കഴിഞ്ഞ് കേന്ദ്രത്തിൽ പുതിയ ഗവണ്മെന്റ് വന്നതിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള യു.പി.എ. ഗവണ്മെന്റ് തൊഴിൽ നയം പരസ്യമായി പ്രഖ്യാപിച്ചിട്ടുണ്ട്. ആ തൊഴിൽ നയത്തിൽ അസംഘടിതമായ മേഖലയിലെ തൊഴിലാളികളുടെ തൊഴിൽ ക്ഷേമവും ഐശ്വര്യവും ഉറപ്പുവരുത്താൻ പ്രതിജ്ഞാബദ്ധമാണ് യു.പി.എ. ഗവണ്മെന്റെന്ന്

LIBRARY ARCHIVES Kerala Legislative Assembly

അസന്ദിഗ്ദ്ധമായി പ്രഖ്യാപിക്കുന്നുണ്ട്. ഞാൻ അതിലെ ഒരു പാരഗ്രാഫ് മാത്രം വായിക്കാം. നമ്മുടെ രാജ്യത്ത് തൊഴിലാളി മാനേജ്മെന്റ് ബന്ധങ്ങൾ സംഘട്ടനത്തിന്റെയല്ലാതെ കൂടിയാലോചനകളുടേയും സഹകരണത്തിന്റേയും സമന്വയത്തിന്റേയും മുദ്രപതിഞ്ഞതാകണമെന്ന് യു.പി.എ. ഗവണ്മെന്റ് സുദൃഢമായി വിശ്വസിക്കുന്നു. അവരെ ബാധിക്കുന്ന എല്ലാ നിർദ്ദേശങ്ങളേയുംകുറിച്ച് ട്രേഡ് യൂണിയനുകളും വ്യവസായികളുമായി ത്രികക്ഷി കൂടിയാലോചനകൾ സജീവമായി പിൻതുടരേണ്ടതാണെന്നും നിയമാനുസരണം പണിമുടക്കുന്നതിനുള്ള അവകാശമുൾപ്പെടെ തൊഴിലാളികൾ നേടിയെടുത്ത അവകാശങ്ങളും ആനുകൂല്യങ്ങളും എടുത്തുമാറ്റുകയോ നിയന്ത്രിക്കുകയോ ചെയ്യുകയില്ലായെന്നും യു.പി.എ. ഗവൺമെന്റ് അസന്ദിഗ്ദ്ധമായി പ്രഖ്യാപിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ കേരളത്തിലെ എല്ലാ ട്രേഡ് യൂണിയനുകളും ഈ ഭേദഗതി നിയമത്തിന്റെ ഉള്ളടക്കത്തെക്കുറിച്ച് കടുത്ത വിമർശനങ്ങൾ ഉയർത്തിയിട്ടുണ്ട്. സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റിയുടെ രണ്ടുമൂന്ന് സിറ്റിംഗ് ഇപ്പോൾ നടന്നു. കോഴിക്കോട് ചേർന്ന സിറ്റിംഗിൽ വ്യാപാരി വ്യവസായികളെ പ്രതിനിധാനം ചെയ്യുന്ന സംഘടനകൾ, ഐ.എൻ.ടി.യു.സി ഉൾപ്പെടെയുള്ള എല്ലാ ട്രേഡ് യൂണിയനുകളും ഈ നിയമത്തെ സംബന്ധിച്ചും അതിന്റെ ഉള്ളടക്കത്തെ സംബന്ധിച്ചും കടുത്ത വിമർശനം ഉയർത്തിയിട്ടുണ്ട്. യഥാർത്ഥത്തിൽ 1978-ൽ ചുമട്ടുതൊഴിലാളി നിയമം പാസ്സാക്കിയതിന്റെ അടിസ്ഥാനത്തിൽ ഏതെങ്കിലും തരത്തിലുള്ള പ്രവർത്തനങ്ങൾ ആ നിയമത്തിന്റെ ഭാഗമായി വരുന്നുവെങ്കിൽ അത് തടയാൻ ആവശ്യമായ കാര്യങ്ങൾ ആ നിയമത്തിൽത്തന്നെ പറഞ്ഞിട്ടുണ്ട്. തികച്ചും തൊഴിലാളി വിരുദ്ധമായ ഒരു നിയമമാണിത്. കേരളത്തിലെ മുഴുവൻ തൊഴിലാളികളുടേയും ശത്രുത വാങ്ങിത്തന്നിട്ടുള്ള ഈ നിയമം കേന്ദ്ര ഗവൺമെന്റ് മാറിയ സാഹചര്യത്തിൽ സമ്പൂർണ്ണമായി പിൻവലിക്കാൻ വേണ്ടിയുള്ള നടപടി ഗവണ്മെന്റ് സ്വീകരിക്കണം. ഈ നിയമം കേരളത്തിലെ തൊഴിലാളികൾ ഒരു സ്ഥലത്തുപോലും നടപ്പാക്കുകയില്ല എന്ന നിലയിൽ സംഘടിതമായിട്ടുള്ള പ്രതിരോധങ്ങൾ തീർത്തിട്ടുണ്ട്. കേരളത്തിൽ ചുമട്ടുതൊഴിലാളികളും ലക്ഷക്കണക്കിന് തൊഴിലാളികളും അതിന്റെ ട്രേഡ് യൂണിയനുകളും നിലനിൽക്കുമ്പോൾ ഈ ഗവണ്മെന്റ് എത്ര പോലീസ് സംവിധാനം ഉപയോഗിച്ചാലും തൊഴിലാളി വിരുദ്ധമായ നിയമം നടപ്പിലാക്കാൻ കഴിയുകയില്ലെന്ന നിലപാടിൽത്തന്നെയാണ് കേരളത്തിലെ തൊഴിലാളികൾ നിൽക്കുന്നത്. അങ്ങനെയൊരു പശ്ചാത്തലത്തിൽ ഈ തൊഴിലാളിവർഗ്ഗ വിരുദ്ധ നിയമം പിൻവലിക്കാൻവേണ്ടി അങ്ങ് സന്മനസ്സ് കാണിക്കണം. കേരളത്തിലെ തൊഴിലാളികളുടേയും ട്രേഡ് യൂണിയനുകളുടേയും സമര പൈതൃകത്തെ അംഗീകരിച്ചുകൊണ്ട് ഈ കരിനിയമം പിൻവലിക്കണമെന്ന് ആവശ്യപ്പെടുകയാണ്. അതു സംബന്ധിച്ചുള്ള ഗവണ്മെന്റിന്റെ അഭിപ്രായം എന്താണ് ?

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ) : ഈ നിയമം പാസ്സാക്കിയതുമൂലം തൊഴിലാളികൾക്കുണ്ടായ ബുദ്ധിമുട്ടെന്താണെന്ന് അങ്ങ് പറയും എന്നാണ് ഞാൻ വിചാരിച്ചത്. എവിടെയെങ്കിലും ഒരു സ്ഥലത്ത് ഈ നിയമം നടപ്പിലാക്കിയതുമൂലം, അല്ലെങ്കിൽ ഈ നിയമം വന്നതുമൂലം തൊഴിലാളികൾക്ക് എന്തെങ്കിലും ബുദ്ധിമുട്ടുണ്ടായതായി അങ്ങ് ചൂണ്ടിക്കാണിച്ചില്ല. എവിടെയെങ്കിലും

LIBRARY ARCHIVES Kerala Legislative Assembly

അങ്ങനെ ചുണ്ടിക്കാണിച്ചാൽ അത് തിരുത്താൻ ഗവണ്മെന്റിന് സന്മനസ്സുണ്ട്. തൊഴിലാളികളെ ബുദ്ധിമുട്ടിക്കുന്നതിനായി എന്തെങ്കിലും പ്രശ്നം അതിലുണ്ടെന്ന് തോന്നുന്നില്ല. എല്ലാ മേഖലകളിലും തൊഴിൽ ചെയ്യുന്ന തൊഴിലാളികളുടെ സേവന-വേതന വ്യവസ്ഥകളെ ചിട്ടപ്പെടുത്തിയിട്ടുണ്ട്. അത് തൊഴിൽ നിയമത്തിന്റെ കാതലായ ഭാഗമാണ്. ചുമട്ടുതൊഴിലാളി മേഖലയിലും സേവന-വേതന വ്യവസ്ഥകൾ ചിട്ടപ്പെടുത്തുക മാത്രമാണ് ഈ നിയമംകൊണ്ട് ഉദ്ദേശിക്കുന്നത്. 1978-ലെ നിയമം നടപ്പിലാക്കിയ ഒരു പ്രദേശത്തും ഈ നിയമം നടപ്പിലാക്കിയിട്ടില്ല. 1978-ലെ നിയമം നിലനിൽക്കുന്നിടത്തെല്ലാം ആ നിയമംതന്നെ തുടരുകയാണ്. ബാക്കിയുള്ള മേഖലകളിൽ കയറ്റിറക്കുമതിയെ സംബന്ധിച്ച്, കൂലി സംബന്ധിച്ച് ഒരു വ്യവസ്ഥയുണ്ടാകണം. അതുമാത്രമേ നിയമം വിവക്ഷിക്കുന്നുള്ളൂ. 1978-ലെ നിയമം എവിടെയൊക്കെയാണ് നിലനിൽക്കുന്നത് എന്നുള്ളതിന് പ്രത്യേക നോട്ടിഫിക്കേഷനുണ്ട്; ആ ഏരിയ നോട്ടിഫൈ ചെയ്തിട്ടുണ്ട്. ഏതെങ്കിലും കമേഴ്സ്യൽ ആക്ടിവിറ്റീസ് വരുന്നിടത്താണ്, അതായത് 100-ൽ കൂടുതൽ തൊഴിലാളികൾ പ്രവൃത്തിയെടുക്കുന്ന മിക്കവാറും എല്ലാ മേഖലകളിലും ഈ നിയമം നടപ്പിലാക്കിയിട്ടുണ്ട്. ഈ കഴിഞ്ഞ രണ്ട്, മൂന്ന് മാസത്തിനിടയ്ക്ക് രണ്ട് മൂന്ന് കമേഴ്സ്യൽ സെന്ററുകളിൽ ആ നിയമം നടപ്പാക്കിയിട്ടുണ്ട്. അവിടെ അതിന് വ്യക്തമായ ഒരു കമ്മിറ്റിയും നിയന്ത്രിക്കുന്നതിനുള്ള സംവിധാനവുമുണ്ട്. കമേഴ്സ്യൽ അല്ലാത്ത മേഖലകളിൽ ചരക്ക് കയറ്റിറക്കുമ്പോൾ കൂലി നിശ്ചയിക്കുക എന്നതു മാത്രമാണ് ഈ നിയമംകൊണ്ട് ഉദ്ദേശിച്ചിട്ടുള്ളത്. 1978-ലെ നിയമമനുസരിച്ച് പ്രത്യേക ഏരിയകൾക്ക് മാത്രമാണ് കൂലി നിശ്ചയിച്ചിട്ടുള്ളത്. അതിന്റെ ക്രമീകരണവും നിശ്ചിത ഏരിയയിൽ മാത്രം ഒതുങ്ങിനിൽക്കുന്നു. ബാക്കിയുള്ള സ്ഥലങ്ങളിൽ കയറ്റിറക്കുമതിയെ സംബന്ധിച്ച് കൂലി നിശ്ചയിച്ചിട്ടില്ല, അതിനൊരു ക്രമീകരണവുമില്ല. അതിന് ക്രമീകരണം വരുത്താൻ മാത്രമേ ഇതുകൊണ്ട് ഉദ്ദേശിക്കുന്നുള്ളൂ. തൊഴിലാളിക്ക് ഇതുമൂലം ബുദ്ധിമുട്ടുള്ളതായി ഒരു പരാതിയും ഇതുവരെ ലഭിച്ചിട്ടില്ല. ഇതിൽ ട്രേഡ് യൂണിയനുകൾക്ക് ബുദ്ധിമുട്ട് വന്നിട്ടുണ്ട് എന്നത് ഞാൻ മനസ്സിലാക്കുന്നു. കാർഡുള്ള തൊഴിലാളികളും കാർഡില്ലാത്ത തൊഴിലാളികളും ഉണ്ട്. ഓരോരുത്തർക്കും ഓരോ ഏരിയ തീരുമാനിച്ചുകൊടുക്കും. അവരാണ് ആ പ്രദേശത്ത് തൊഴിലെടുക്കുന്നവർ. അവർ തീരുമാനിക്കുന്നതാണ് അംഗീകൃത കൂലി എന്നൊരു വ്യവസ്ഥ അത്തരം സ്ഥലങ്ങളിലുണ്ടായിരുന്നു. അത് പലപ്പോഴും ബുദ്ധിമുട്ട് സൃഷ്ടിച്ചിട്ടുണ്ട്. അതുകൊണ്ട് അത് ക്രമീകരിക്കാൻ മാത്രമാണ് നമ്മൾ ശ്രമിക്കുന്നത്. എന്തെങ്കിലും ബുദ്ധിമുട്ടുണ്ടെങ്കിൽ അത് പറഞ്ഞാൽ തിരുത്താം. കയറ്റിറക്കുമതിയെ സംബന്ധിച്ച് അനാവശ്യമായ തർക്കം പല പ്രദേശങ്ങളിലുമുണ്ടാകുന്നു. അത് എന്നന്നേയ്ക്കും ഇല്ലാതാക്കാൻ ഈ നിയമത്തിന് കഴിയുമെന്നാണ് എന്റെ വിശ്വാസം. കാലാകാലങ്ങളിൽ കയറ്റിറക്കിന് ഏർപ്പെടുന്നവരുമായി എല്ലാ പ്രദേശങ്ങളിലും തർക്കങ്ങളും പ്രശ്നങ്ങളുമാണ്. തൊഴിലാളികൾ എന്തിനാണ് അങ്ങനെയുള്ള പ്രശ്നങ്ങൾക്കും മറ്റും വിധേയരാകുന്നത്? അവിടെ ക്രമീകരണമുണ്ടെങ്കിൽ പ്രശ്നം ഉണ്ടാകുകയില്ല. ഒരു തൊഴിലാളി ഇറക്കുന്നതിന് ഇന്നതാണ് കൂലി, ഇന്നതാണ് വ്യവസ്ഥ എന്നു പറയണം. അങ്ങനെ ആര് തൊഴിൽ ചെയ്യുന്നതിനും ഒരു തടസ്സവും ഈ നിയമം ഉണ്ടാക്കുന്നില്ല. അതിന് ഇതൊരു വ്യവസ്ഥയുണ്ടാക്കുന്നു എന്നതുമാത്രമേയുള്ളൂ. ദയവായി ഇത്

LIBRARY ARCHIVES Kerala Legislative Assembly

സംബന്ധിച്ചുള്ള തെറ്റിദ്ധാരണ മാറ്റണം. ഇതിനെ സംബന്ധിച്ച് വളരെ കൂടുതൽ ചർച്ചകൾ നടന്നു. ഇപ്പോൾ ഇത് നടപ്പിലാക്കുന്നതിന് പരിമിതിയുണ്ടായിട്ടുണ്ട്. ജില്ലാ കളക്ടർ ചെയർമാനായിട്ടുള്ള സമിതി ജില്ലാ തലത്തിൽ ഇതിന്റെ കൂലി തീരുമാനിക്കണമെന്ന് വ്യവസ്ഥ ചെയ്തിരുന്നു. എല്ലാ ട്രേഡ് യൂണിയൻ നേതാക്കന്മാരും അതിൽ അംഗങ്ങളാകണമെന്നും പറഞ്ഞിരുന്നു. ട്രേഡ് യൂണിയൻ അംഗങ്ങൾ ഇപ്പോൾ പറയുന്നു, ഞങ്ങൾ അതിൽ സഹകരിക്കാൻ തയ്യാറല്ലായെന്ന്. അതുകൊണ്ട് മാത്രമാണ് നടപ്പിലാക്കാത്തത്. നിലവിലിരിക്കുന്ന 1978-ലെ നിയമമനുസരിച്ച് കൂലി നിശ്ചയിച്ചിട്ടുണ്ട് എന്നും അത് മറ്റുള്ളിടത്തും ബാധകമാക്കാമെന്നും പറഞ്ഞിട്ടുണ്ട്. കൂലി നിശ്ചയിക്കുന്നതിൽ മാത്രമേ ഇപ്പോൾ തർക്കമുള്ളൂ. കൂലി നിശ്ചയിച്ചുകഴിഞ്ഞാൽ ആ നിയമത്തിൽ വേറെ എന്തെങ്കിലും തർക്കമുണ്ടാകുമെന്ന് എനിക്ക് തോന്നുന്നില്ല. അതുകൊണ്ട് ഇത് കരിനിയമമാണെന്ന് പറയുന്നത് ഏത് അർത്ഥത്തിലാണെന്ന് എനിക്ക് മനസ്സിലാകുന്നില്ല. രണ്ട് വർഷം ഇത് നടപ്പിലാക്കിയതുമൂലം ഇന്നയിന്ന മേഖലകളിൽ ഇന്നയിന്ന ബുദ്ധിമുട്ടുണ്ടായി, തൊഴിലാളികൾക്ക് ഇന്നയിന്ന പ്രയാസങ്ങളുണ്ടായി, ഇന്നയിന്ന അവകാശങ്ങൾ നഷ്ടപ്പെട്ടു എന്ന് ചൂണ്ടിക്കാണിച്ചാൽ തിരുത്താൻ തയ്യാറാണ്.

10.00 a.m.]

ശ്രീ. മത്തായി ചാക്കോ : ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതിൽ വസ്തുതാവിരുദ്ധമായ ചില കാര്യങ്ങളുണ്ട്. മൂന്ന് കാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ പെടുത്തുകയാണ്. ഒന്ന്, ഈ നിയമം പ്രത്യേക നോട്ടിഫിക്കേഷനുള്ള ഏരിയയിൽ മാത്രം ബാധകമാക്കണമെന്നുള്ളത് നിയമത്തിന്റെ അന്തസ്സത്തയെ തകിടം മറിച്ചുകൊണ്ട് ചില സ്ഥലത്ത് പോലീസ് മേധാവികൾ ഈ നിയമം സ്റ്റേറ്റിന് ബാധകമാണെന്ന നിലയിലുള്ള ഇടപെടൽ നടത്തുന്നുണ്ട്. മറ്റൊന്ന് ഈ നിയമം പാസ്സായി എന്നതുകൊണ്ട് പല തൊഴിൽ മേഖലകളിലും തങ്ങൾക്ക് ഇഷ്ടംപോലെ ആളുകളെ ജോലിക്ക് വയ്ക്കാമെന്നുള്ള അടിസ്ഥാനത്തിൽ തൊഴിലാളികൾ പിരിഞ്ഞുപോയ പല സ്ഥലത്തും പുതിയ തൊഴിലാളികളെ ഉടമകൾ കയറ്റിയിട്ടുണ്ട്. അതുപോലെ എ.എൽ.ഒ.-മാർ അവരുടെ ഇഷ്ടപ്രകാരം തൊഴിൽ വകുപ്പിൽ ഐഡന്റിറ്റി കാർഡ് കൊടുത്തിട്ടുണ്ട്. മുമ്പ് ട്രേഡ് യൂണിയനുകൾ ശുപാർശ ചെയ്യുന്നതിന് അനുസരിച്ചാണ് ഐഡന്റിറ്റി കാർഡ് കൊടുത്തിരുന്നത്. അത്തരം പരാതി കോഴിക്കോട് ഉണ്ടായിട്ടുണ്ട്. ഇത് നമ്മുടെ പ്രത്യേക ഏരിയയാണെന്നുപറഞ്ഞ് സീലോഡ് ഹോട്ടലിലെ തൊഴിലാളികൾ തുടർച്ചയായി സമരം നടത്തിയതിനെത്തുടർന്ന് പുതിയ തൊഴിലാളികളെ നിശ്ചയിച്ചു. അങ്ങനെയുള്ള സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. ഇവിടെ സൂചിപ്പിക്കുവാനുള്ളത്, 1978-ലെ ചുമട്ടുതൊഴിലാളി നിയമം പ്രാബല്യത്തിലുള്ള സ്ഥലങ്ങളിൽ ലോക്കൽ കമ്മിറ്റികളുണ്ട്; ചർച്ച നടത്തുന്നതിനുള്ള സംവിധാനമുണ്ട്. ആ സംവിധാനങ്ങളെ പ്രയോജനപ്പെടുത്താതെ തൊഴിലാളികൾക്കെതിരെ ഇത്തരം നിയമംകൊണ്ടുവന്നത് അവരെ അടിച്ച് ഒതുക്കുന്നതിനുവേണ്ടിയാണ്. എ.ഡി.ബി. ലോൺ വാങ്ങിയെടുക്കുന്നതിന്റെ ഭാഗമായാണ്. ഇങ്ങനെ ഒരു നിയമം കൊണ്ടുവന്നത് എന്ന പ്രതീതിയുണർത്തുന്ന നിയമമാണിത്. അതുകൊണ്ട് ഗവൺമെന്റ് ചെയ്യേണ്ടത് ഇപ്പോൾ ഒരു മാറിയ സാഹചര്യമുണ്ട്. യു.പി.എ. ഗവൺമെന്റാണ് കേന്ദ്രം ഭരിക്കുന്നത്

LIBRARY ARCHIVES Kerala Legislative Assembly

എന്നതിന്റെ അടിസ്ഥാനത്തിൽ ഇത് തൊഴിലാളി വിരുദ്ധ നിയമമാണ്. തൊഴിലാളികളുടെ ക്ഷേമത്തിനും ഐശ്വര്യത്തിനും ഒരു തടസ്സവും ഉണ്ടാവില്ലെന്ന് പരസ്യമായി കേന്ദ്ര ഗവൺമെന്റ് പ്രഖ്യാപിച്ചിരിക്കേ ഈ നിയമം സമ്പൂർണ്ണമായി പിൻവലിക്കുവാനുള്ള സൗമനസ്യം ഈ ഗവൺമെന്റ് കാട്ടുമോ?

ശ്രീ ബാബു ദിവാകരൻ : സത്യത്തിൽ 1978-ലെ നിയമമാണ് പ്രത്യേക ഏരിയയിൽ നോട്ടിഫൈ ചെയ്തത്. ഇപ്പോൾ കേരളത്തിൽ 100-120-ഓളം സ്ഥലങ്ങളിൽ ആ നിയമം ബാധകമാക്കി. അങ്ങ് പറഞ്ഞതുപോലെ ലോക്കൽ കമ്മിറ്റികളുണ്ട്. കേരളത്തിൽ ഒട്ടാകെയുള്ള എല്ലാ പ്രദേശത്തും ലോക്കൽ കമ്മിറ്റിയുണ്ടാക്കി ഇത് നിയന്ത്രിക്കുക എന്നത് അസാധ്യമായ കാര്യമാണ്. പ്രായോഗികമായി ഒരിക്കലും നടക്കാത്ത കാര്യവുമാണ്. ഇതൊക്കെക്കൊണ്ടാണ് അങ്ങ് സൂചിപ്പിച്ചതുപോലെ കോഴിക്കോട് എതെങ്കിലും ഒരു സ്ഥലത്ത്,.....

ശ്രീ. എ. കെ. ബാലൻ : പാലക്കാട് മുഴുവൻ ലോക്കൽ കമ്മിറ്റികളുണ്ട്. അവിടെ ഒരു പ്രശ്നവുമില്ലല്ലോ?

ശ്രീ. ബാബു ദിവാകരൻ : അവിടെ ഈ നിയമം ബാധകമല്ലല്ലോ? പാലക്കാട് മാത്രമല്ല ധാരാളം സ്ഥലങ്ങൾ കേരളത്തിലുണ്ട്. 1978-ലെ ഈ നിയമം കേരളത്തിന്റെ ഒട്ടുമുക്കാൽ പ്രദേശങ്ങളുടേയും പരിധിയിൽ വരുന്നതല്ല. അങ്ങനെയുള്ള സ്ഥലങ്ങളിലാണ് ഇത് ബാധകമാക്കിയിട്ടുള്ളത്. ഈ നിയമംമൂലം ഏതെങ്കിലും എ.എൽ.ഒ.-മാർ ഐഡന്റിറ്റി കാർഡ് കൊടുക്കുന്നതിൽ അപാകത കാണിച്ചിട്ടുണ്ടെങ്കിൽ അത് പരിശോധിക്കാം. അങ്ങനെയുള്ള ബുദ്ധിമുട്ടുകൾ തൊഴിലാളികൾക്ക് ഉണ്ടാകുന്നുണ്ടെങ്കിൽ ചൂണ്ടിക്കാണിച്ചാൽ അത് പരിഹരിക്കുന്നതിനും തൊഴിലാളികൾക്ക് ബുദ്ധിമുട്ടില്ലാത്ത നിലയിൽ തൊഴിലാളികളുടെ കൂടെ സഹകരണം,.....(ബഹളം).....

മി. ഡെപ്യൂട്ടി സ്പീക്കർ : പ്ലീസ്,.....

ശ്രീ. ബാബു ദിവാകരൻ : ശ്രീ. മത്തായി ചാക്കോയെപ്പോലുള്ള ട്രേഡ് യൂണിയൻ നേതാക്കളോട് പറയുന്നു, തൊഴിലാളികൾക്ക് ഇതുകൊണ്ട് ബുദ്ധിമുട്ടൊന്നുമില്ല. തൊഴിലാളികൾക്ക് ഈ കാര്യം മനസ്സിലാക്കിക്കൊടുക്കുന്നതിന് യൂണിയൻ നേതാക്കൾ കുറച്ചുകൂടി ബുദ്ധിപൂർവ്വമായി പ്രവർത്തിക്കണം. ഈ നിയമം കൊണ്ട് ഒരു പ്രശ്നവുമില്ല. എ.ഡി.ബി.യുടേയും വേൾഡ് ബാങ്കിന്റേയും ലോൺ സംബന്ധമായ യാതൊരു പ്രശ്നവും ഈ നിയമത്തെ ഒരു തരത്തിലും ബാധിക്കില്ല. സാധാരണ ജനങ്ങളുടെ ബുദ്ധിമുട്ടും പ്രയാസങ്ങളും കണക്കിലെടുത്ത് തൊഴിലാളികൾക്ക് ദോഷകരമാകാത്ത നിലയിൽ ഈ നിയമം നടപ്പാക്കുമെന്ന് ഞാൻ ആവർത്തിച്ചുപറയുകയാണ്.

(2) കേരളത്തിലെ അടയ്ക്കാ കർഷകർ നേരിടുന്ന പ്രശ്നങ്ങൾ

ശ്രീ. ടി. വി. ചന്ദ്രമോഹൻ : കേരളത്തിലെ കാർഷിക മേഖലയിൽ അടയ്ക്ക കൃഷിക്കും തെങ്ങ് കൃഷിക്കും സുപ്രധാനമായ സ്ഥാനമാണുള്ളത്. കാർഷിക മേഖലയിൽ കഴിഞ്ഞ അഞ്ചാറ് വർഷമായി പ്രത്യേകിച്ച് 2000-നുശേഷം ആഗോള

LIBRARY ARCHIVES Kerala Legislative Assembly